# വിശ്വാസപരിശീലനകേന്ദ്രം

1. **പ്രധാനാധ്യാപകരുടെ നിയമനം:** പ്രധാനാദ്ധ്യാപകരുടെ കാലാവധി മൂന്ന് വർഷമാണ്. മൂന്നു വർഷം കഴിഞ്ഞ് പ്രധാനാധ്യാപകന്/ പ്രധാനാധ്യാപികയ്ക്ക് പകരമായി പുതിയ പ്രധാനാധ്യാപകനെ/പ്രധാനാധ്യാപികയെ തെരഞ്ഞെടുക്കുകയും ആ വിവരം അതിരൂപതാകേന്ദ്രത്തെ അറിയിക്കുകയും ചെയ്യുമല്ലൊ. ഏതെങ്കിലും പ്രത്യേകസാഹചര്യത്തിൽ മാത്രമാണ് മൂന്ന് വർഷം തികഞ്ഞെങ്കിലും പ്രധാനാധ്യാപകന്/ പ്രധാനാധ്യാപികയ്ക്ക് കാലാവധി ദീർഘിപ്പിച്ച് കൊടുക്കുന്നത്. അപ്രകാരം ചെയ്യുന്നുണ്ടെങ്കിൽ അതിരൂപതാകേന്ദ്രത്തെ അറിയിക്കണം. എങ്കിൽ മാത്രമേ എച്ച്.എം.-ന്റ Updation ഓഫീസിൽ രേഖപ്പെടുത്തുവാനും കാറ്റിക്കിസം സംബന്ധമായ സന്ദേശങ്ങൾ അയച്ചുകൊടുക്കുവാനും സാധിക്കുകയുള്ളൂ. ആറ് വർഷത്തിലധികം ഒരാൾ പ്രധാനാധ്യാപകൻ/പ്രധാനാധ്യാപികയായി തുടരാൻ അനുവദിക്കുകയില്ല (വചനദീപം 2023-2024 പേജ്72-73).

2. **പുതിയ അധ്യാപകരുടെ നിയമനം:** പുതിയ അധ്യാപകരായി നിയമിക്കപ്പെടുന്നവർ അതിരൂപതാകേന്ദ്രം നടത്തുന്ന അടിസ്ഥാന പരിശീലന പരിപാടിയിൽ (BOC: 2024 മെയ് 10,11,12 തീയതികളിൽ നടത്തപ്പെടുന്നു (Non-Residential) നിർബന്ധമായി പങ്കെടുക്കണം. വിശ്വാസപരിശീലനരംഗത്തെ എല്ലാ മേഖലകളിലും (കുട്ടികളോടോപ്പം വിശുദ്ധ കുർബാനയിലും, അതിരൂപത, ഫൊറോന, ഇടവക ക്രമീകരിക്കുന്ന എല്ലാ പ്രവർത്തന തലങ്ങളിലും) പൂർണ്ണമായി സഹകരിക്കാൻ സന്നദ്ധതയുള്ള അധ്യാപകരെ തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ. (വചനദീപം 2023-2024 പേജ്72-73).

3. **2023-2024 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** ഒന്നാംവർഷ ഡിപ്ലോമ 2nd Session: 2024 മെയ് 03, 04 (വെള്ളി, ശനി) തീയതികളിൽ. കോഴ്സിന്റെ അവസാന ദിവസം പരീക്ഷയും ഉണ്ടാകും.

4. **പ്രതിഭാസംഗമം:** സീറോമലബാർസഭയുടെ ഈ വർഷത്തെ പ്രതിഭാസംഗമം (7th Class) കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 16, 17, 18 തീയതികളിൽ നടത്തപ്പെടുന്നു.

5. **വിശ്വാസപരിശീലന പരീക്ഷാ ഫലം:.** 2023-2024 വർഷത്തിൽ വിശ്വാസപരിശീലനത്തിൽ ഉന്നതവിജയം A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ നാലാം ക്ലാസ്മുതൽ ഒമ്പതാം ക്ലാസ്വരെയുള്ള കുട്ടികളുടെ പേരുവിവരങ്ങൾ Catechism Website - ൽ പ്രസിദ്ധീകരിച്ചു.

6. **കാറ്റിക്കിസം ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ്:** മെയ് 26-ാം തീയതി ഞായറാഴ്ച ജനറൽ കൗൺസിലിന്റെയും പ്രധാനാധ്യാപകരുടെയും മീറ്റിങ് രാവിലെ 10.00 മുതൽ 12.30 കലൂർ റിന്യൂവൽ സെന്ററിൽ (8.30-ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്).

7. **ജൂബിലി ആഘോഷിക്കുന്ന വിശ്വാസപരിശീലകരെ ആദരിക്കൽ:** 2023-24 വർഷങ്ങളിൽ വിശ്വാസപരിശീലന രംഗത്ത് ഇരുപത്തിയഞ്ചും, നാല്പതും, അമ്പതും വർഷങ്ങൾ പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിക്കുന്നു.

8. **വിശ്വാസ പരിശീലനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും:** 2024-25 വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും എറണാകുളം-അങ്കമാലി അതിരൂപതയിൽ 2023-24 വിശ്വാസപരിശീലനവർഷത്തിൽ 4 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനവും അതിരൂപതാതലത്തിൽ മെയ് 26 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 02.00 മുതൽ 04.30 വരെ.

9. **ആദരവ്:** 12 വർഷം (2023-2024) ഞായറാഴ്ചകളിൽ മുടക്കം കൂടാതെ വിശ്വാസപരിശീലനം പൂർത്തിയാക്കിയ കുട്ടികളെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആദരിക്കുന്നു.

10. **വിശ്വാസപരിശീലനം ഇടവകതലത്തിൽ:** മെയ് 26-നും ജൂൺ 02നും ഇടയിലുള്ള ദിവസങ്ങളിൽ ഓരോ ഇടവകയുടെ

സാഹചര്യം കണക്കിലെടുത്ത് വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം അതാത് ഇടവകകളിൽ ക്രമീകരിക്കാവുന്നതാണ്.

11. **വിശ്വാസപരിശീലന ക്ലാസ്സ് ആരംഭം:** ഇടവകതലത്തിലുള്ള വിശ്വാസപരിശീലനവർഷം ഉദ്ഘാടനവും വിശ്വാസപരിശീലന ക്ലാസ്സുകളുടെ ആരംഭവും 2024 ജൂൺ 2-ാം തീയതി ഞായറാഴ്ച.

12. **സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം:** സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗ്ഗബോധന വർഷ ഉദ്ഘാടനവും ജൂൺ 08 ശനിയാഴ്ച കലൂർ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

13. **രണ്ടാം വർഷ ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്:** 2nd Session: 2024 ഏപ്രിൽ 14, 15 (ഞായർ, തിങ്കൾ) തീയതികളിൽ നടന്നു. 65 കുട്ടികൾ പങ്കെടുത്തു.

14. **സ്പർശ് പ്രോഗ്രാം:** ഏപ്രിൽ 30, മെയ് 01 തീയതികളിൽ (ചൊവ്വ, ബുധൻ) സ്പർശ് പ്രോഗ്രാം 11-ാം ക്ലാസ്സിലെ ലീഡേഴ്സിനായി ചുണങ്ങംവേലി നിവേദിതയിൽ നടത്തി. 55 കുട്ടികൾ പങ്കെടുത്തു.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**